LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപക നിയമനം

61(1115) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക നിയമനം മുതലായ ആസൂത്രണ ബോർഡ് ശുപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ചുള്ള ഹൈക്കോടതി വിധി നടപ്പാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബഹു. ഹൈക്കോടതിയുടെ 17-12-2015-ലെ WP(C) നമ്പർ 19008/13 തുടങ്ങിയ അനുബന്ധങ്ങളിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 29-1-2016- ലെ സ.ഉ.(പി) നമ്പർ 29/16 പൊ.വി.വ. പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിക്കെതിരെ സർക്കാർ ബഹു. കോടതിയിൽ ഫയൽ ചെയ്യാനുദ്ദേശിക്കുന്ന അപ്പീലിനു വിധേയമായാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

62(1116) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പ്രോഗ്രാം വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രോഗ്രാം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കണ്ടറി ബിരുദ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ പരിശീലന സ്ഥാപനങ്ങൾ (TSP) ട്രെയിനിംഗ് നൽകിവരുന്നു. ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി, പ്ലസ് വൺ വിദ്യാർത്ഥികൾക്കും ബിരുദ വിദ്യാർത്ഥികൾക്കും റെഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും കോളേജുകളിലും അസാപ്പിന്റെ കീഴിൽ 105-ൽ പരം സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. വിദ്യാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ടി ഓരോ സെന്ററിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുകയും ആവശ്യമായ സാങ്കേതിക ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവിൽ ഓരോ സെന്ററിലേയ്ക്കും കേബിൾ നെറ്റ്വർക്ക് കണക്ഷനും സജ്ജമാക്കിയിട്ടുണ്ട്. ഓരോ സ്കിൽ സെന്ററിന്റേയും ക്ലാസ്സ് മുറികളിൽ പ്രൊജക്ടേഴ്സ് സ്ഥാപിച്ചിട്ടുണ്ട്. ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. ഇതിനോടകം 50000-ൽ അധികം വിദ്യാർത്ഥികൾ അസാപ്പിന്റെ നൈപുണ്യ പദ്ധതിയിൽ പങ്കെടുക്കുകയും പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ധാരാളം വിദ്യാർത്ഥികൾ അസാപ്പിന്റെ നൈപുണ്യ പദ്ധതിയിൽ പങ്കെടുക്കുകയും പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly